പരവൂർ-മയ്യനാട് തീരദേശ റോഡ് പുനർനിർമ്മാണം

156 [1095] *ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ-മയ്യനാട് തീരദേശ റോഡ് പുനർനിർമ്മാണം സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഇപ്പോഴത്തെ പ്ലാനിംഗ് ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പരവൂർ-മയ്യനാട് തീരദേശ റോഡ് പുനർനിർമ്മാണം സംബന്ധിച്ച് ഐ. ഐ. റ്റി.യിൽനിന്നുള്ള വിദഗ്ദ്ധനെക്കൊണ്ട് സ്ഥലം പരിശോധന നടത്തുകയും താന്നി ലക്ഷ്മിപുരം തോപ്പ് മുതൽ മുക്കം പരവൂർ പൊഴി വരെയുള്ള ഭാഗത്ത് കൊല്ലത്തെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് മുഖേന കടൽ സർവ്വേ നടത്തുന്നതിന് മുൻകൂർ പേയ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരു പ്രാഥമിക ചർച്ച ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി നടത്തി. ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ലഭ്യമായിട്ടില്ല.

ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത സുനാമിദുരന്തത്തിൽ തകർന്ന റോഡുകൾ

157 [1096] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-12-2004-ലെ സുനാമി കടൽക്ഷോഭത്തിൽ തകർന്ന ഗതാഗതയോഗ്യമല്ലാതായ എത്ര റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പ് ഏറ്റെടുക്കുകയുണ്ടായെന്നും ഇവ ഏതെല്ലാമാണെന്നും ഓരോന്നിനുംവേണ്ടി ചെലവഴിച്ച തുക എത്രയെന്നും ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഫിഷറീസ് വകുപ്പ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും പ്രവൃത്തി ആരംഭിക്കാത്തതുമായ ഫിഷറീസ് റോഡുകളെ സംബന്ധിച്ച വിശദാംശങ്ങളും ഇവയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നതിനെ സംബന്ധിച്ചും വിശദീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഫിഷറീസ് വകുപ്പ് റോഡുകളുടെ പണി ഏറ്റെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly